"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല- വിളക്കുടി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി ജിക്കിമോൾ വി.യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1315/2025/LSGD തീയതി,തിരുവനന്തപുരം, 28-05-2025

---

പരാമർശം:-

1. 22.01.2020-ലെ സ ഉ (സാധാ) നം.14/2020/ജിഎഡി നമ്പർ ഉത്തരവ്
2. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 15.02.2020-ലെ DDP/KLM/02-2018-E2 നമ്പർ നടപടിക്രമം
3. 21.07.2014ലെ സ ഉ (കൈ) നം.22/2014/പി & എ ആർ ഡി നമ്പർ നടപടിക്രമം
4. പഞ്ചായത്ത് ഡയറക്ടറുടെ 21.06.2022-ലെ PAN/505/2020-E14(DP) നമ്പർ നടപടിക്രമം
5. കൊല്ലം ജില്ല ജോയിന്റ് ഡയറക്ടറുടെ 03.05.2024-ലെ LSGD/JD/KLM/5094/2023-A3 നമ്പർ നടപടിക്രമം
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.03.2025-ലെ LSGD/PD/57700/2023-DEC3 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി ജിക്കിമോൾ വി.യുടെ പ്രൊബേഷൻ കാലയളവ് 01.08.2022 മുതൽ 25.11.2022 തീയതി വരെ ദീർഘിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പരാമർശ(1) ഉത്തരവിലൂടെ ക്ലർക്ക് തസ്തികയിൽ (സൂപ്പർ ന്യൂമററി) പോലീസ് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി ജിക്കിമോൾ വി. പുനർവിന്യസിക്കപ്പെട്ട് പരാമർശം (2) പ്രകാരം 29.02.2020 തീയതിയിൽ പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചിരുന്നുവെന്നും, ടിയാളുടെ നിയമനം 01.08.2019 തീയതി പ്രാബല്യത്തിൽ പരാമർശം (3), (4) പ്രകാരം ക്രമവൽകരിച്ചിട്ടുള്ളതാണെന്നും, ടിയാൾ എം ഒ പി പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് 01.08.2021 തീയതി മുതൽ ഒരു വർഷത്തേക്ക് പരാമർശം (5) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ടെന്നും ശ്രീമതി ജിക്കിമോൾ വി- യുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാളുടെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും ടിയാൾ 23.11.2022 ന് എം ഒ പി വിജയിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് കൊല്ലം ജില്ലയിലെ

വിളക്കുടി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി ജിക്കിമോൾ വി.യുടെ പ്രൊബേഷൻ 24.11.2022ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 01.08.2022 മുതൽ 25.11.2022 തീയതി വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് ,കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. സെക്രട്ടറി, വിളക്കുടി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5. ശ്രീമതി.ജിക്കിമോൾ വി , ക്ലർക്ക് , വിളക്കുടി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8. കരുതൽ ഫയൽ (ഫയൽ നം.149/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 28-05-2025 15:12:52
സെക്ഷൻ ഓഫീസർ